(1)	(2)	(3)	(4)
4.	ആലപ്പുഴ	51	1,05,06,875
5.	കോട്ടയം	12	20,11,000
6.	ഇടുക്കി	7	15,44,650
7.	എറണാകുളം	23	44,56,450
8.	തൃശ്ശൂർ	13	21,19,175
9.	പാലക്കാട്	10	30,34,950
10.	മലപ്പുറം	18	35,18,070
11.	കോഴിക്കോട്	94	1,55,72,578
12.	വയനാട്	8	16,44,250
13.	കണ്ണൂർ	14	20,51,500
14.	കാസർഗോഡ്	6	9,48,650
	ആകെ	549	10,60,63,653

(സി) ഐ.ടി. മേഖലയിലേയ്ക്ക് വികലാംഗരെ ആകർഷിക്കുന്നതിന് കോർപ്പറേഷൻ പ്രത്യേകമായി പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വായ്പ വാങ്ങുന്ന ആളുകൾ ഐ.ടി. മേഖലയിലും ഏർപ്പെടുന്നുണ്ട്.

ബാലാവകാശ സംരക്ഷണ കമ്മീഷൻ

313 (3600) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഇത് എപ്പോഴാണ് രൂപീകരിച്ചത് എന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കമ്മീഷനിൽ എത്ര അംഗങ്ങളുണ്ടെന്നും അത് ആരൊക്കെയാണെന്നും ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്നും അറിയിക്കുമോ ;

(സി) പ്രസ്തുത കമ്മീഷന് ഇതുവരെ എത്ര പരാതികൾ ലഭിച്ചുവെന്നും എത്ര പരാതികളിൽ തീർപ്പു കൽപ്പിച്ചുവെന്നും വിശദമാക്കുമോ;

(ഡി) സ്ഥിരം, കരാർ, ദിവസ വേതന അടിസ്ഥാനത്തിലുള്ള എത്ര ജീവനക്കാർ നിലവിൽ കമ്മീഷനിലുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അംഗങ്ങളുടെ ശമ്പളം, യാത്രാപ്പടി എന്നീ ഇനങ്ങളിൽ ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(എഫ്) ജീവനക്കാരുടെ ശമ്പള ഇനത്തിലും ഓഫീസ് പ്രവർത്തനത്തിനും എത്ര രൂപ ചെലവഴിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ 3-6-2013-ൽ ആണ് രൂപീകരിച്ചത്. കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി നിലവിൽ പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമങ്ങളിലോ അതിൻ കീഴിലോവ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുനഃപരിശോധിക്കുയും ചെയ്ത് അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ ശിപാർശ ചെയ്യുക.

2. കമ്മീഷൻ യുക്തമെന്ന് കരുതുന്ന പക്ഷം, വാർഷികമായും അങ്ങനെയുള്ള ഇടവേളകളിലും ഇത്തരം സുരക്ഷാ ഏർപ്പാടുകളുടെ പ്രവർത്തനത്തിന്മേലുള്ള റിപ്പോർട്ടുകൾ സർക്കാരിന് ഹാജരാക്കുക.

3. ബാലാവകാശ ലംഘനത്തിന്റെ അന്വേഷണ വിചാരണ ചെയ്ത് അങ്ങനെയുള്ള കേസുകളിൽ നടപടികൾ തുടങ്ങുന്നതിന് ശിപാർശ ചെയ്യുക.

4. ഭീകര പ്രവർത്തനം, വർഗ്ഗീയ കലാപം, ലഹള, പ്രകൃതി ദുരന്തം, ഗാർഹിക ഹിംസ, എച്ച്.ഐ.വി./എയ്ഡ്സ്, അവിഹിത വാണിജ്യം, പീഡനം, ചോദ്യം ചെയ്യലും ച്യുഷണവും അശ്ലീല സാഹിത്യം, വ്യഭിചാരം എന്നിവയാൽ ബാധിക്കപ്പെട്ട കുട്ടികളുടെ അവകാശങ്ങൾ അനുഭവിക്കുന്നത് നിഷേധിക്കുന്ന എല്ലാ ഘടകങ്ങളും പരിശോധിക്കുകയും ഉചിതമായ പരിഹാരങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുക.

5. ദുരിതം അനുഭവിക്കുന്നതും പാർശ്വവത്ക്കരിക്കപ്പെട്ടതും പ്രതികൂലാവസ്ഥയിലുള്ളതും നിയമവുമായി പൊരുത്തപ്പെടാത്തതും പക്വതയില്ലാത്തതും കുടുംബമില്ലാത്തതും തടവുകാരുടേത്

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പടെ പ്രത്യേക ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ളതുമായ കുട്ടികളെ സംബന്ധിച്ച സംഗതികൾ കണക്കിലെടുക്കുകയും ഉചിതമായ പരിഹാര മാർഗ്ഗങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുക.

6. സമാധാനന ഉടമ്പടികളും മറ്റ് അന്താരാഷ്ട്ര രേഖകളും പഠിക്കുകയും ബാലാവകാശങ്ങളിന്മേൽ നിലവിലുള്ള നയങ്ങളുടേയും കാര്യപരിപാടികളുടേയും മറ്റ് പ്രവർത്തനങ്ങളുടേയും ആനുകാലിക - പുനഃപരിശോധന ഏറ്റെടുക്കുകയും കുട്ടികളുടെ ഉത്തമ താൽപ്പര്യത്തിനായി അവയുടെ ഫലപ്രദമായ നടപ്പാക്കലിനുവേണ്ടി ശിപാർശകൾ നടത്തുകയും ചെയ്യുക.

7. ബാലാവകാശ മേഖലയിൽ ഗവേഷണം നടത്തുകയും അത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

8. സമൂഹത്തിന്റെ വിവിധ വിഭാഗങ്ങൾക്കിടയിൽ ബാലാവകാശ സാക്ഷരത പ്രചരിപ്പിക്കുകയും പ്രസിദ്ധീകരണങ്ങൾ, മാധ്യമങ്ങൾ, സെമിനാറുകൾ, മറ്റ് ലഭ്യമായ മാർഗ്ഗങ്ങൾ എന്നിവയിലൂടെ ബാലാവകാശങ്ങളുടെ സംരക്ഷണത്തിന് ലഭ്യമായിട്ടുള്ള സുരക്ഷാ ഏർപ്പാടുകളുടെ അവബോധം പ്രോൽത്സാഹിപ്പിക്കുകയും ചെയ്യുക.

9. സാമൂഹ്യ സംഘടനകൾ ഉൾപ്പടെയുള്ളവർ നടത്തുന്ന ബാലസംരക്ഷണ മന്ദിരമോ, മറ്റ് താമസ സ്ഥലമോ,കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനങ്ങളോ പരിശോധിക്കുകയോ പരിശോധിപ്പിക്കുകയോ ചെയ്യുകയും ആവശ്യമാണെന്ന് കാണുന്ന പക്ഷം ഈ അധികാര സ്ഥാപനങ്ങളുമായി ചേർന്ന് പരിഹാര നടപടി എടുക്കുകയും ചെയ്യുക.

10. ബാലാവകാശങ്ങൾ നിഷേധിക്കലും ലംഘനവും, കുട്ടികളുടെ സംരക്ഷണത്തിനും അഭിവൃദ്ധിക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്ന നിയമങ്ങൾ നടപ്പാക്കാതിരിക്കലും കുട്ടികളുടെ കഷ്ടപ്പാടുകൾ ലഘൂകരിക്കുന്നതിന് ലക്ഷ്യമിട്ട നയപരമായ തീരുമാനങ്ങളോ മാർഗ്ഗനിർദ്ദേശക രേഖകളോ നിർദ്ദേശങ്ങളോ നടപ്പിലാക്കാതിരിക്കലും കുട്ടികളുടെ ക്ഷേമം ഉറപ്പു വരുത്തുകയും അങ്ങനെയുള്ള കുട്ടികൾക്ക് ആശ്വാസം നൽകലും എന്നീ സംഗതികൾ സംബന്ധിച്ച പരാതികളിൽ അന്വേഷണ വിചാരണ നടത്തുകയും സ്വമേധയാ പരിഗണനയ്ക്ക് എടുക്കുകയും ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

11. ബാലാവകാശത്തിന്മേൽ ഗൗരവപരമായ ലംഘനമോ നിലവിൽ പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിന്റെ ലംഘനമോ നടന്നതായി അന്വേഷണ വിചാരണയിൽ വെളിപ്പെടുന്നിടത്ത് ബന്ധപ്പെട്ട ആളിനോ ആളുകൾക്കോ എതിരായി പ്രോസിക്യൂഷൻ നടപടികളോ കമ്മീഷന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള നടപടികളോ ആരംഭിക്കുവാൻ സർക്കാരിനോടോ അധികാരസ്ഥാനത്തോടോ ശിപാർശ ചെയ്യുക.

12. നിർദ്ദേശങ്ങൾക്കോ ഉത്തരവുകൾക്കോ റിട്ടുകൾക്കോ വേണ്ടി ബഹു. സുപ്രീം കോടതിയെയോ ഹൈക്കോടതിയേയോ സമീപിക്കുക.

13. ഇടക്കാലാശ്വാസം പീഡിതനോ അയാളുടെ കുടുംബാംഗങ്ങൾക്കോ നൽകുന്നതിനായി സർക്കാരിനോടോ ബന്ധപ്പെട്ട അധികാര സ്ഥാപനത്തോടോ ശിപാർശ ചെയ്യുക.

(ബി) കമ്മീഷനിലെ ആറ് അംഗങ്ങൾ ചുവടെ പറയുന്നവരാണ്.

1. ശ്രീ. കെ. നസീർ
2. ശ്രീമതി മീന.സി.യു.
3. ശ്രീ. ബാബു. എൻ.
4. ഫാ.ഫിലിപ്പ് പരക്കാട്ട്.പി.വി.
5. അഡ്വ. സന്ധ്യ.ജെ.
6. ശ്രീമതി ഗ്ലോറി ജോർജ്ജ്

അംഗങ്ങളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) 1-12-2014 വരെ 503 പരാതികൾ ലഭിച്ചിട്ടുണ്ട്. അതിൽ 243 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്.

(ഡി) കമ്മീഷനിൽ നിലവിൽ 28 ജീവനക്കാരുണ്ട്.

പുനർ നിയമനം	-	1
അന്യത്ര സേവനം	-	14
കരാർ നിയമനം	-	12
ദിവസ വേതനം	-	1

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 8-1-2014 മുതൽ 30-11-2014 വരെ കമ്മീഷൻ അംഗങ്ങളുടെ ശമ്പള ഇനത്തിലെ 68,82,480 രൂപയും യാത്രാപ്പടി ഇനത്തിൽ 8-1-2014 മുതൽ 30-9-2014 വരെ 1,20,910 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(എഫ്) 3-6-2013 മുതൽ 30-11-2014 വരെ ജീവനക്കാരുടെ ശമ്പള ഇനത്തിൽ 1,14,60,923 രൂപയും ഓഫീസ് ചെലവിനത്തിൽ 80,00,455 രൂപയും പ്ലാൻ ഫണ്ടിൽ നിന്നും 11,76,934 രൂപയും ചെലവഴിച്ചിട്ടുണ്ട്.

ബാലാവകാശ കമ്മീഷൻ നടപടികൾ

314(3601). ശ്രീ. സി. ദിവാകരൻ : താഴെകാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികളെ കണ്ടെത്തുന്നതിന് ബാലാവകാശ കമ്മീഷൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; 2013-2014-ൽ എത്ര കേസുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികളെ സംബന്ധിച്ച് കമ്മീഷന് ലഭിക്കുന്ന പരാതികളുടെയും പത്രവാർത്തകളുടെ വെളിച്ചത്തിൽ കമ്മീഷൻ സ്വമേധയാ സ്വീകരിക്കുന്ന നടപടികളുടെയും അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് ബന്ധപ്പെട്ട അധികാരികളോട് അന്വേഷണ റിപ്പോർട്ടുകൾ ആവശ്യപ്പെടുകയും പ്രസ്തുത റിപ്പോർട്ടുകളുടെയും അന്വേഷണത്തിന്റെയും ഹർജിക്കാരുടെയും എതിർകക്ഷികളുടെയും മൊഴികളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ കേസുകൾ തീർപ്പുകൽപ്പിക്കുകയും ചെയ്യുന്നു. 2013-14 വർഷത്തിൽ താഴെപ്പറയുന്ന കേസുകൾ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുകയും നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

1. ഇടുക്കി ജില്ലയിലെ തോട്ടം മേഖലയിൽ നടക്കുന്നതായിപ്പറയുന്ന ബാലവേലയെ സംബന്ധിച്ച് പഠിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 46 പ്രകാരം ഇടുക്കി സി.ഡബ്ല്യു.സി. ചെയർപേഴ്സൺ ശ്രീ. ഗോപാലകൃഷ്ണൻ കൺവീനറായും, ജില്ലാ സാമൂഹ്യ നീതി ഓഫീസർ, ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ ഡോ. ചെറിയാൻ കുര്യൻ എന്നിവർ അംഗങ്ങളായും ഒരു പാനൽ കമ്മീഷൻ രൂപീകരിക്കുകയും അവർ ഇക്കാര്യം പഠിച്ചുവരികയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly